**കേരള സർക്കാർ**

നമ്പർ. 187609/ആർ.ഡി.3/15/ത.സ്വ.ഭ.വ.

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം, തീയതി:12/1/16

## സർക്കുലർ

സർ,

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - മാതാവ്/പിതാവ് ഉപേക്ഷിച്ച കുട്ടികളുടെ ജനന രജിസ്റ്ററിൽ പേര് തിരുത്തി നൽകുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച നിർ ദ്ദേശങ്ങൾ പരിഷ്കരിച്ച് പുറപ്പെടുവിക്കുന്നു.

സൂചന:-

1. 18-12-2014-ലെ 55767/ആർ.ഡി3/14/തസ്വഭവ നമ്പർ സർക്കുലർ.
2. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 10-4-15-ലെ സി.ആർ.എം.പി. നമ്പർ: 712/10/LA2/2015/KeSCPCR നമ്പർ ഉത്തരവ്.
3. ചീഫ് ജനന മരണ രജിസ്ട്രാറുടെ 6-6-2015-ലെ ബി2-42340/14 നമ്പർ കത്ത്.

വിവാഹ ബന്ധം വേർ പ്പെടുത്തിയ കേസുകളിലും മാതാവ്/പിതാവ് ഉപേക്ഷിച്ച പോയിട്ടുള്ള കേസുകളിലും കുട്ടി ആരുടെ സംരക്ഷണയിലാണോ അതിനുസരിച്ച് മാതാവിന്റെ/പിതാവിന്റെ മാത്രം അപേക്ഷയുടെ അടിസ്ഥാനത്തിൽ ജനന രജിസ്റ്ററിൽ പേരു തിരുത്തുന്നതിനും. ഇത്തരം സന്ദർഭത്തിൽ മാതാവ്/പിതാവ് കുട്ടിയും തിരിച്ചറിയൽ രേഖയും സഹിതം രജിസ്ട്രാറുടെ മുമ്പാകെ ഹാജരാകുന്നതിനും തിരുത്തലിനുള്ള എല്ലാ വ്യവസ്ഥകളും പാലിച്ച കൊണ്ട് ജനന രജിസ്റ്ററിൽ പേര് തിരുത്തി നൽകുന്നതിനും സൂചന 1-ലെ സർക്കുലർ പ്രകാരം നിർ ദ്ദേശം പുറപ്പെടുവിച്ചിരുന്നു.

18-12-14-ലെ 55767/ആർ.ഡി3/14/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം മാതാവ്/പിതാവ് ഉപേക്ഷിച്ച പോയിട്ടുള്ള കേസുകളിൽ കുട്ടി ആരുടെ സംരക്ഷണയിലാണോ അതനുസരിച്ച് മാതാവ്/പാതാവിന്റെ മാത്രം അപേക്ഷയുടെ അടിസ്ഥാനത്തിൽ ജനന രജിസ്റ്ററിൽ പേര് തിരുത്തി നൽകാമെന്ന് വ്യവസ്ഥ

ചെയ്തിരിക്കയാൽ കുട്ടി ആരുടെ സംരക്ഷണത്തിലാണെന്നതിനും ഉപേക്ഷിക്കപ്പെട്ടോ എന്ന കാര്യത്തിനും കോടതി ഉത്തരവുകൾ ആവശ്യമില്ലായെന്നും ആയത് തിരുത്തി നൽകുന്ന ഉദ്യോഗസ്ഥന് സത്യവാങ്മൂലത്തിലൂടെയും ഉചിതമായ മറ്റ് നടപടികളിലൂടെയും ബോധ്യപ്പെട്ടാൽ മതിയെന്നും കാണിച്ച് മഞ്ചേരി മുനിസിപ്പാലിറ്റി ജനന മരണ രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിക്കേണ്ടതാണെന്ന് സൂചന 2 പ്രകാരം കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്തരവായിരിക്കുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാതാവ്/പിതാവ് ഉപേക്ഷിച്ച് പോയിട്ടുള്ള കുട്ടികളുടെ വിഷയത്തിൽ കുട്ടി ആരുടെ സംരക്ഷണയിലാണോ അതനുസരിച്ച് മാതാവിന്റെ/പിതാവിന്റെ മാത്രം അപേക്ഷയുടെ അടിസ്ഥാനത്തിൽ ജനന രജിസ്റ്ററിൽ പേര് തിരുത്തി നൽകുന്നതിന് കുട്ടി ആരുടെ സംരക്ഷണയിലാണെന്നും, ഉപേക്ഷിക്കപ്പെട്ടതാണോ എന്നത് സംബന്ധിച്ചും മാതാവിന്റെ/പിതാവിന്റ താമസസ്ഥലം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ പോലീസ് സർക്കിൾ ഇൻസ് പെക്ടർ നൽകുന്ന സർട്ടിഫിക്കറ്റിന്റെയും ആയത് ശരിയാണെന്ന് രണ്ട് പ്രമുഖ വ്യക്തികൾ നൽകുന്ന സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ രജിസ്ട്രാർക്ക് അന്വേഷണം നടത്തി ബോധ്യപ്പെടുന്ന സംഗതികളിൽ ജനന രജിസ്റ്ററിൽ കുട്ടിയുടെ പേര് തിരുത്തി നൽകാവുന്നതാണെന്ന് സൂചന 3 പ്രകാരം ചീഫ് ജനന മരണ രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബിദ്ധിമുട്ട് കണക്കിലെടുത്ത് സൂചന 1-ലെ സർക്കുലർ പരിഷ്കരിച്ച് താഴെപ്പറയുന്ന നിർ ദ്ദേശങ്ങൾ ഉൾ പ്പെടുത്തി പുറപ്പെടുവിക്കുന്നു.

വിവാഹബന്ധം വേർ പെടുത്തിയ കേസുകളിലും മാതാവ്/പിതാവ് ഉപേക്ഷിച്ച് പോയിട്ടുള്ള കുട്ടികളുടെ വിഷയത്തിലും കുട്ടി ആരുടെ സംരക്ഷണയിലാണോ അതനുസരിച്ച് മാതാവിന്റെ / പിതാവിന്റെ മാത്രം അപേക്ഷയുടെ അടിസ്ഥാനത്തിൽ ജനന രജിസ്റ്ററിൽ പേര് തിരുത്തി നൽകുന്നതിന് കുട്ടി ആരുടെ സംരക്ഷണയിലാണെന്നും, ഉപേക്ഷിക്കപ്പെട്ടതാണോ എന്നത് സംബന്ധിച്ചും കോടതി ഉത്തരവുകൾ ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാന ത്തിലും ഇല്ലെങ്കിൽ മാതാവിന്റെ/പിതാവിന്റെ താമസസ്ഥലം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ പോലീസ് സർക്കിൾ ഇൻ സ്പെക്ടർ നൽകുന്ന സർട്ടിഫിക്കറ്റിന്റെയും ആയത് ശരിയാണെന്ന് രണ്ട് പ്രമുഖ വ്യക്തികൾ നൽകുന്ന സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ രജിസ്ട്രാർക്ക് അന്വേഷണം നടത്തി

ബോധ്യപ്പെടുന്ന സംഗതികളിൽ ജനന രജിസ്റ്ററിൽ കുട്ടിയുടെ പേര് തിരുത്തി നൽകാവുന്നതാണ്.

**ജെയിംസ് വർഗ്ഗീസ്,**
(പ്രിൻസിപ്പൽ സെക്രട്ടറി)

1. രജിസ്ട്രാർ, കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
4. എല്ലാ നഗരസഭകളിലേയും ഗ്രാമപഞ്ചായത്തുകളിലേയും പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (വകുപ്പുതലവന്മാർ മുഖേന).
5. എല്ലാ ഡെപ്യൂട്ടി ഡയറക്ടർ ((പഞ്ചായത്ത്)മാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).
6. എല്ലാ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന).
7. എല്ലാ ജനന മരണ രജിസ്ട്രാർമാർക്കും,
8. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,.
9. പൊതുവിദ്യാഭ്യാസ (ജി) വകുപ്പ് 22-10-12-ലെ 37301/ജി2/പൊ.വി.വ നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം.
10. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന് (പത്ര മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ ക്ക്.
2. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി. എ ക്ക്.
3. കരുതൽ ഫയൽ/ഓഫീസ് കോപ്പി.